# V

# രാജർഷി

| പുസ്തകം 8 | 1117 വൃശ്ചികം | ലക്കം 4 |
| --- | --- | --- |

## മംഗളം.

—*—

ഭൂഷാകാന്തികലന്നകാവ്യകമനീ-
യശ്രീയിലാറാടി ഹൃ-
ത്തോഷാൽ വൃത്തിവിശിഷ്ടനായ് നവരസാ-
ത്മാവായ് സ്വരൽഭാവനായ്
ദോഷാപേതവചോഗുണപ്രകടിത-
പ്രൌഢാശയോല്ലാസിയായ്
ഭാഷാപോഷണസക്തനായി വിജയി-
ച്ചീടുക രാജർഷി, നീ.

വിദ്വാൻ വെള്ളാശ്ശേരി ഗോവിന്ദമേനോൻ.

## ഭാഷാപോഷണം.

### I.

ഇന്ന ഭാഷാപോഷണവിഷയത്തിൽ ഗവമ്മേണ്ടും ജാഗരൂകമായിരിക്കയാണല്ലോ. ഒരു രാജ്യത്തിൻേറയും അതിലെ നിവാസികളായ ജനസമുദായത്തിൻേറയും സംസ്കാരത്തിന്ന മാനദണ്ഡമായിരിക്കുന്നതു് മാതൃഭാഷയും സാഹിത്യസമ്പുഷ്ടിയും ആകയാൽ ഭാഷാസാഹിത്യത്തിൻെറ സവ്വതോമുഖമായ പോഷണത്തിൽ ഗവമ്മേണ്ടും സവ്വദാ സമുത്സുകമായി കാണപ്പെടുന്നതു് ഏത്രയും സമഞ്ജസം തന്നെയാണ്. ഭാഷാപോഷണാത്ഥം ഒരു പഞ്ചവത്സരപദ്ധതി നിദ്ദേശിക്കുന്നതിനും

മററുമായി ഇപ്പോഠം കൊച്ചിയിൽ ഒരു സംഘം രൂപവൽക്കരിച്ചിട്ടുണ്ട്. ഈ അവസരത്തിൽ ഒരു ഭാഷാപോഷണക്കമ്മിററി ആദ്യമായി ഏപ്പെടുത്തി നടത്തിത്തുടങ്ങിയ ത്യാഗധനനായ രാജഷിതിരുമനസ്സിലെ സ്മാരകമായി നടത്തപ്പെടുന്ന 'രാജഷി'വഴിയായി ഈയുള്ളവൻെറ ഉള്ളിൽ ഉദിച്ച ചില ഭാഷാപോഷണമാഗ്ഗങ്ങഠം പ്രകാശിപ്പിക്കുന്നത് അനുചിതമാകയില്ലല്ലോ.

രാജ്യഭരണവിഷയകമായോ ഭാഷാവിഷയകമായോ നാട്ടിനും നാട്ടാക്കും ക്ഷേമകരങ്ങളായ ഉത്തമമാഗ്ഗങ്ങഠം ആരെങ്കിലും അഭിപ്രായപ്പെടുന്നതായാൽ, 'അവ പ്രായോഗികമല്ല, അല്ലെങ്കിൽ, ധനസ്ഥിതി ഇപ്പോഠം അനുവദിക്കുന്നില്ല' എന്നും മററുമായിരിക്കും അതിനു സാധാരണയായി മറുപടി ഉണ്ടാവുക. എന്നാൽ ജനസാമാന്യത്തിനു നന്മ ഉളവാക്കുന്ന അഭിപ്രായങ്ങളെ പ്രായോഗികമാക്കുന്നതിനും അതിനുവേണ്ടി ദ്രവ്യവ്യയം ചെയ്യുന്നതിനും ആണ് രാജ്യസ്നേഹികളും ഭരണാധികാരികളും ഭാഷാപ്രണയികളും ചുഴിഞ്ഞുത്സാഹിക്കേണ്ടതു്. അല്ലാതെ തല്ക്കാലം വേഗത്തിൽ നടത്താവുന്ന കാര്യങ്ങഠം മാത്രം നടത്തുകയും കാലതാമസംകൊണ്ടു നടക്കാവുന്നതും നടക്കുന്നതും ആയ കായ്യങ്ങഠം തള്ളപ്പെടുകയും ചെയ്യുന്നതു് ആശാസ്യമല്ല. ലോകത്തിൽ ഉണ്ടായിട്ടുള്ള മഹൽകായ്യങ്ങളെല്ലാം വളരെക്കാലങ്ങഠംകൊണ്ടു പരിപുഷ്ടി പ്രാപിച്ചിട്ടുള്ളതാണെന്നു കാണാവുന്നതാണ്. 'വിദ്യാധനം സവ്വധനാൽ പ്രധാനം' എന്ന മഹദ്വചനത്തിലെ 'വിദ്യാധനം' എന്ന രൂപകതൽപുരുഷസമാസത്തെ വിദ്യക്കായിക്കൊണ്ടുള്ള ധനം എന്നു വിഗ്രഹിച്ച് ഉദ്ദേശികാതൽപുരുഷനാക്കുകയാണ് ഇക്കാലത്തു വേണ്ടതെന്നുകൂടി ചിലപ്പോഠം തോന്നാറുണ്ട്. ഇത്രയും പറഞ്ഞതു് ഭാഷാപോഷണവിഷയകമായ വിദ്യാഭ്യാസത്തിനു അല്പം പണച്ചിലവു വരുന്നുണ്ടെങ്കിൽത്തന്നെ അതു മലയാളത്തിൻേറയും മലയാളികളുടേയും ഉത്തമവും ശാശ്വതവുമായ ശ്രേയസ്സിനാണെന്നു കരുതി ആ വിഷയം ക്രമത്തിൽ എങ്ങിനെയെങ്കിലും നിവ്വഹിക്കേണ്ടതാണെന്നു സമത്ഥിക്കുവാൻ മാത്രമാണ്. ആഡംബരജീവിതത്തിനു പണം ധാരാളമുണ്ട്, അമ്മയ്ക്കു വേണ്ട ആവശ്യങ്ങഠം നല്കുന്നതിനുമാത്രം പണമില്ല,' എന്നു പറയുന്നവർ ധാരാളമുള്ള ഇക്കാലത്തു്, ഇങ്ങനെ പറഞ്ഞതുകൊണ്ടും പ്രയോജനമില്ലെങ്കിലും പറയേണ്ടതു പറയാതെ നിവൃത്തിയില്ല. സാഹിത്യസാമ്രാജ്യത്തിൽ സ്വാഭിപ്രായം തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യം തടയപ്പെട്ടിട്ടില്ലല്ലൊ.

ഭാഷാപോഷണത്തിന് ആദ്യമായിച്ചെയ്യേണ്ടതു ഭാഷാഭ്യസനം ഇന്നത്തേക്കാഠം അധികം പുഷ്ടിപ്പെടുത്തുകയാണ്. ഒരു ഭാഷയിൽ പ

ലതരത്തിലുള്ള പ്രസ്ഥാനങ്ങളും ഗ്രന്ഥങ്ങളും ഉണ്ടായിരുന്നാൽത്തന്നെ അവയെ ആദരിക്കുവാനുള്ള ആളുകൾ അപ്രാപ്തരാണെങ്കിൽ അതുകൊണ്ടു് പ്രയോജനം വളരെ കുറവാണു്. തറവാട്ടിൽ സ്വത്തു ധാരാളം ഉണ്ടായിരുന്നാലും അനുഭവത്തിനുള്ള ആളുകൾ രോഗാതുരന്മാരായാൽ സ്വത്തുണ്ടായിട്ടും ഫലമില്ലല്ലോ. ഒരു വിദേശഭാഷ പ്രഥമഭാഷയും മാതൃഭാഷ ദ്വിതീയ ഭാഷയും ആയി കരുതി പ്രാഥമികവിദ്യാഭ്യാസം നടത്തിപ്പോരുന്നിടത്തോളം കാലം മാതൃഭാഷ അകളങ്കിതമായ പരിപുഷ്ടി പ്രാപിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾ ഇംഗ്ലീഷുഭാഷ ഇന്ത്യയിൽ രാഷ്ട്രഭാഷയായിരിക്കുന്ന സ്ഥിതിക്കു് അതിൽ നൈപുണ്യം സമ്പാദിക്കുന്നതു് അനുചിതമെന്നോ അനാവശ്യമെന്നോ എനിക്കഭിപ്രായമില്ല. അനേകം ഭാഷകളിൽ നൈപുണ്യം നേടിയ ഒരുവനു് മാതൃഭാഷയ്ക്കു അതിരററ നന്മകൾ ചെയ്യുവാൻ സാധിക്കുകയും ചെയ്യും. ഇംഗ്ലീഷിൻെറ സമ്പർക്കംകൊണ്ടു മലയാളത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ അസംഖ്യങ്ങളും അമൂല്യങ്ങളുമാണു്. ഇംഗ്ലീഷിൽ അസാമാന്യമായ പാണ്ഡിത്യം ലഭിച്ച പല മലയാളികളും ഭാഷാസാഹിത്യത്തിൽ അതിവിദഗ്ദ്ധന്മാരായിട്ടാണു് കാണപ്പെടുന്നതു്. പ്രൊഫസർ ഏ. ആർ. രാജരാജവർമ്മത്തമ്പുരാൻ, സർദാർ കെ. എം. പണിക്കർ, മഹാകവി ഉള്ളൂർ, പ്രൊഫ്സർ ശങ്കരൻ നമ്പ്യാർ, ശ്രീ. ചേലനാട്ടു അച്യുതമേനോൻ മുതലായവരെ ദൃഷ്ടാന്തങ്ങളായി എടുക്കാം.

പ്രാഥമികവിദ്യാഭ്യാസം ആറേഴുകൊല്ലത്തോളം നീണ്ടുനില്ക്കേണ്ടതും അക്കാലത്തു മലയാളത്തിനു പ്രഥമസ്ഥാനം നല്കേണ്ടതും ഭാഷാപോഷണത്തിനു് അത്യാവശ്യമാണു്. ഭാഷകൊണ്ടു കൈകാര്യം ചെയ്യേണ്ടവർ അതിനുവേണ്ടുന്ന വൈദഗ്ദ്ധ്യലേശമെങ്കിലും സമ്പാദിക്കാഞ്ഞാൽ ആ ഭാഷയുടെ സ്ഥിതി പ്രശസ്തമെന്നു പറയാവുന്നതല്ല. അടിസ്ഥാനം ഉറപ്പിക്കാതെ മേല്പുര അന്തസ്സിൽ പണിചെയ്തതുകൊണ്ടു തല്ക്കാലം നിറുത്തുവാൻ സാധിക്കുന്ന ശില്പവിദഗ്ദ്ധന്മാർ ഉണ്ടെങ്കിലും അതു ശരിയായി ഉറച്ചുനില്ക്കുകയില്ല.

സാധാരണയായി അഞ്ചോ ആറോ വയസ്സിൽ വിദ്യാഭ്യാസം ആരംഭിയ്ക്കുന്ന ഒരു മലയാളിക്കുട്ടി പന്ത്രണ്ടുവയസ്സുവരെ പ്രധാനമായി മാതൃഭാഷതന്നെ അഭ്യസിക്കണം. അതോടുകൂടി ഭാരതീയരുടെ പൊതുസാഹിത്യമായ സംസ്കൃതത്തിൻെറ ഒരു സ്വരൂപജ്ഞാനവും നല്കുന്നതു നന്നായിരിക്കും. കണക്കും ഭൂമിശാസ്ത്രചരിത്രങ്ങളും അത്യാവശ്യമായിട്ടുള്ളവമാത്രം അഭ്യസിപ്പിച്ചാൽ മതിയാവുന്നതാണു്. ചരിത്രത്തിൽ കേര

ഉചരിത്രമാണ് നിഷ്കൃഷ്ടിക്കേണ്ടതു്. മദ്ധ്യകക്ഷ്യകൾ മുതൽക്കു ഇംഗ്ലീഷിൻെറ ചില പ്രാരംഭപാഠങ്ങളും അല്പാല്പമായി തുടങ്ങുന്നതു് അനുചിതമല്ല. വ്യായാമത്തിനു ഇന്നത്തെ ഡ്രില്ലിനുപകരം പലതരത്തിലുള്ള വ്യവസായപരിശീലനമാണ് നടത്തേണ്ടതു്

ഏകദേശം ഇങ്ങിനെയുള്ള ഒരു വിദ്യാഭ്യാസമാണ് ഭാഷാപോഷണത്തിനും പൊതുജനക്ഷേമത്തിനും അത്യാവശ്യമായി വരിക. ഭാഷാശാസ്ത്രവിഷയകങ്ങളായ സാങ്കേതികപദങ്ങളെല്ലാം കുട്ടിക്കാലത്തുതന്നെ പരിചയിക്കുവാനും ഇതു് ഉപകരിക്കുന്നു. ആഖ്യ, ആഖ്യാതം, കർമ്മം, എന്നു് തുടങ്ങിയുള്ളവയെക്കൂടി പറഞ്ഞു മനസ്സിലാക്കുവാൻ Subject, Predicate, Object, എന്ന ഇംഗ്ലീഷുപദങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതു നമുക്കു ലജ്ജാവഹമാണ്. ആശയവിശദീകരണത്തിനു സമുചിതങ്ങളായ ഭാഷാപദങ്ങളിരിക്കെ, അവയോടു പരിചയപ്പെടായ്കകൊണ്ടു ഇംഗ്ലീഷുപദങ്ങൾ ഉപയോഗിക്കുന്ന അഭ്യസ്തവിദ്യരായ മലയാളികൾ ഇന്നു സുലഭമാണല്ലോ. വലിയ വളച്ചുകെട്ടോ വൈഷമ്യമോ തോന്നുന്നടിക്കിൽ യഥോചിതം ഇംഗ്ലീഷുപദങ്ങൾ ഉപയോഗിയ്ക്കുന്നതു ന്യൂനതയാണെന്നു ഞാൻ പറയുന്നില്ല. 'പഠിക്കുക' എന്നുള്ളതു് എന്തെന്നറിവില്ലാത്ത ചെറിയ കുട്ടികളുടെ മുമ്പിൽ ഒരു വിദേശഭാഷ ആദ്യകാലങ്ങളിൽ പ്രദൎശിപ്പിക്കുന്നതു മനശ്ശാസ്ത്രവിരുദ്ധവുമാണ്.

ആറേഴു കൊല്ലം ഇങ്ങിനെ മാതൃഭാഷാഭ്യസനം ചെയ്യുന്നതിനിടയ്ക്കു ഭാഷയിലുള്ള മുഖ്യ സാഹിത്യപ്രസ്ഥാനങ്ങളെല്ലാം അദ്ധ്യേതാക്കൾക്കു പരിചയപ്പെടുത്തുന്ന പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കേണ്ടതാണ്. ഭാഷയിലുള്ള എല്ലാ പ്രസ്ഥാനങ്ങളുടേയും ഒരു സ്ഥൂലമായ ജ്ഞാനമെങ്കിലും പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ ഒരു മലയാളിവിദ്യാൎത്ഥിക്കു് ഉണ്ടാകണം. ഈ വിദ്യാഭ്യാസത്തിനുശേഷം ത്രാണിയുള്ളവർ ഇംഗ്ലീഷിൽ ഉപരിവിദ്യാഭ്യാസം ചെയ്യുകയും ത്രാണികുറഞ്ഞവർ വ്യവസായവിദ്യാലയങ്ങളിൽ അഭ്യസിക്കുകയും ചെയ്യുന്നതു് ഉചിതമായിരിക്കും. സ്വസ്ഥമായിരിക്കുകയോ കൃഷി മുതലായ സ്വാതന്ത്ര്യവൃത്തികളിൽ ഏൎപ്പെടുകയോ ചെയ്യാൻ ഇച്ഛിക്കുന്നവൎക്കു് യഥാസൌകൎയ്യം ഭാഷാഗ്രന്ഥങ്ങൾ വായിക്കുകയും സാഹിത്യാഭിരുചി വൎദ്ധിപ്പിക്കുകയും ചെയ്യുന്നതിനു പ്രാഥമികവിദ്യാഭ്യാസം മാൎഗ്ഗദൎശകമായിരിക്കണം.

ഏതാദൃശമായ പ്രാഥമികവിദ്യാഭ്യാസം നിൎബ്ബന്ധമാക്കുകതന്നെ വേണ്ടതാണ്, മാതാപിതാക്കന്മാൎക്കു സന്താനങ്ങളെ ജനിപ്പിക്കുകമാത്രമല്ല, അവരുടെ ജീവിതം നല്ലവിധത്തിൽ നയിക്കേണ്ടുന്ന മാൎഗ്ഗങ്ങളിൽ

പ്രവേശിപ്പിക്കുന്നതിനുള്ള ചുമതലകൂടിയുണ്ടെന്നു അനഭ്യസ്തവിദ്യരേയും മനസ്സിലാക്കണം. സ്വസന്താനങ്ങളുടെ അഭ്യുദയത്തെ ലാക്കാക്കാതെ വെറും കാമചാരികളായ പല അജ്ഞജനങ്ങളും ജനസാമാന്യത്തിൻെറ ഇടയിൽ കാണാം. അവരിൽ സ്വസ്വധമ്മങ്ങൾ ഉൽബോധിപ്പിക്കേണ്ടതു പൊതുജനക്ഷേമം അഭിലഷിക്കുന്ന ഗവമ്മേണ്ടാണ്. ഈ അവസരത്തിൽ ദിനംപ്രതി ഓരോ മണിക്കൂറുസമയമെങ്കിലും വയോജനവിദ്യാഭ്യാസം നടത്തുന്നതിനു നാട്ടിൽ അവിടവിടെ ഏപ്പാടുചെയ്യുന്നതു പ്രശംസനീയമാണെന്നുകൂടി പറഞ്ഞുകൊള്ളുന്നു. സാഹിത്യാഭിരുചിപ്രകാശകമായും ധമ്മപ്രബോധകമായും ചെയ്യുന്ന വയോജനവിദ്യാഭ്യാസം ഏറെക്കുറെ ഫലപ്രദമാകാതിരിക്കയില്ല.

ഇനി അദ്ധ്യാപകന്മാരെക്കുറിച്ചാണ് കുറച്ചു പറയുവാനുള്ളതു്. ജാതിമതസമുദായങ്ങളുടെ ഊഴപ്രകാരമല്ല അദ്ധ്യാപകന്മാരെ നിയമിക്കേണ്ടതു്. മാതൃഭാഷയിൽ ഏതെങ്കിലും തരത്തിൽ നൈപുണ്യം സമ്പാദിച്ചവക്ക് അദ്ധ്യാപകവൃത്തി നല്കുന്നതിൽ മുൻഗണനകൊടുക്കണം. ഇന്നു നിശ്ചയിച്ചിട്ടുള്ള പരീക്ഷായോഗ്യതകൾക്കുപുറമേ, വിദ്വാൻ പരീക്ഷയോ പണ്ഡിതപരീക്ഷയോ പാസ്സായിട്ടുള്ളവക്ക് പ്രാഥമിക വിദ്യാലയങ്ങളിൽ നിശ്ചയമായും ഉദ്യോഗം ലഭിക്കും എന്നു ഗവമ്മേണ്ടു ഒരു കല്പനപുറപ്പെടുവിക്കുന്നതായാൽ ഒരു പന്തീരാണ്ടിനിടക്കു നമ്മുടെ നാട്ടിൽ അനവധി വിദ്വാന്മാരും പണ്ഡിതന്മാരും ഉണ്ടാകുവാൻ ഇടയുണ്ടു്. ഓരോ പ്രാഥമികവിദ്യാലയത്തിലും ഒന്നോ രണ്ടോ പണ്ഡിതന്മാർ വീതം ഉണ്ടായിരിക്കുവാൻ യാതൊരു പ്രയാസവും വരികയില്ല. തമിഴർ എന്നു പറയുന്ന പട്ടന്മാരായ അദ്ധ്യാപകന്മാരും, ചക്രവത്തിയുടെ മതത്തെ അവലംബിക്കുന്ന ക്രൈസ്തവ്യാനികളായ അദ്ധ്യാപകന്മാരും തങ്ങൾ മലയാളികളാണെന്ന ബോധത്തോടുകൂടി മാതൃഭാഷാനൈപുണ്യം താനേ നേടിക്കൊള്ളുകയും ചെയ്യുന്നതാണ്.

ഇത്തരത്തിലുള്ള പ്രാഥമികവിദ്യാലയങ്ങൾ പരിശോധിക്കുന്നതിനു സാഹിത്യവിദഗ്ദ്ധന്മാരായ പരിശോധകന്മാരെയാണ് നിയമിക്കേണ്ടതു്. അവക്ക് പരിശോധനമാത്രമല്ല ചുമതലയാകേണ്ടതു്; മാതൃകാപാഠങ്ങൾ കൊടുത്തും അദ്ധ്യാപകന്മാരെ സ്നേഹപൂവ്വം ഉപദേശിച്ചും, കൃത്യനിവ്വഹണത്തിൽ നിഷ്കൃഷ്ട വഢിപ്പിച്ചും, സാഹിത്യമഹിമയെ പ്രകീത്തിച്ചും അദ്ധ്യാപകന്മാരിൽ ഒരു ഉണർവ്വും, ഉത്സാഹവും ഉണ്ടാക്കേണ്ട ചുമതലകൂടി പരിശോധകന്മാക്കുണ്ടു്.

സംസ്കൃതവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതും ഭാഷാപോഷണത്തിനു ആവശ്യമാണ്. ഉൽകൃഷ്ടസാഹിത്യഗ്രന്ഥങ്ങളുള്ള സംസ്കൃതം ലോകത്തിലെ പല സാഹിത്യങ്ങൾക്കുംപോഷകമായിട്ടുണ്ട്. പ്രാചീനസംസ്കൃതവിദ്യാഭ്യാസരീതിയുടെ മഹിമകൾ മറക്കാതെയും മറയ്ക്കാതെയും നിലനിൎത്തിപ്പോരുന്ന വിദ്യാലയങ്ങൾ കേവലം ബഹിഷ്കരിക്കപ്പെടേണ്ടവയല്ല. ഇംഗ്ലീഷുവിദ്യാലയങ്ങളിൽ സംസ്കൃതം പഠിച്ചു പാണ്ഡിത്യം നേടിയവർ ഇക്കാലത്തു ചിലരെല്ലാം ഉണ്ടെങ്കിലും, നല്ല ഉറപ്പും ഊക്കും ഉള്ള പാണ്ഡിത്യം അധികം കാണുന്നതു് പ്രാചീനരീതിയിൽ അഭ്യസിച്ചവരിലാണ്. സംസ്കൃതത്തിൽനിന്നു പല ഗ്രന്ഥങ്ങളും ഇനിയും ഭാഷയിലേയ്ക്കു തൎജ്ജമചെയ്യേണ്ടവയായിട്ടുണ്ട്.

പതിനെട്ടുപുരാണങ്ങൾ പതിരററുകിടക്കവേ
മതിമങ്ങിച്ചീപ്രവൃത്തി മതിയാക്കുകമോശമാം.'

എന്ന കേരളവ്യാസരുടെ അഭിപ്രായം അനാദരണീയമല്ല.

മാതാവിൻമഹാഗൃഹം ചില മാറാലമറകളാൽ തുണ്ടുതുണ്ടാക്കിത്തീൎക്കയാൽ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ എന്നിങ്ങിനെ മൂന്നു വ്യത്യസ്തഭരണാധികാരത്തിലായിട്ടുണ്ടല്ലോ. ആകട്ടെ, അതു മുതലെടുപ്പിനെ സംബന്ധിച്ചു മാത്രമായിക്കരുതി മൂന്നു വിഭാഗക്കാരും ഒത്തൊരുമിച്ചു മാതൃഭാഷാഭ്യസനത്തിനുള്ള പാഠ്യപദ്ധതിയും പുസ്തകങ്ങളും ഒരേതരത്തിലാക്കുന്നതു ഭാഷാപോഷണത്തിനു വലിയ സഹായകമാകുന്നു. ചിലവുകൾ അതതു ഭരണാധികാരികൾ നടത്തുന്നതിനു വിരോധമുണ്ടാകയില്ലല്ലോ. മലയാളത്തെക്കുറിച്ചു് സ്നേഹവും സാഹിത്യപോഷണത്തിൽ ഹൃദയപൂൎവ്വമായ ശ്രദ്ധയും ഐക്യം വേണമെന്നുള്ള ആഗ്രഹവും ഉള്ളവർ ഇതിനുവേണ്ടുന്ന മാൎഗ്ഗങ്ങളെപ്പററി ആലോചിക്കേണ്ടതാണ്. മാതൃഭാഷയെപ്പററി വിചാരിക്കുമ്പോളെങ്കിലും പണ്ടുള്ള ചിലരുടെ കൌടില്യംകൊണ്ടോ കയ്യൂക്കുകൊണ്ടോ ഉണ്ടായിട്ടുള്ള ഈ വിഭജനത്തെ വിസ്മരിക്കുവാൻ അപേക്ഷിക്കുന്നു.

വിദ്യാഭ്യാസത്തിൽ ഭാഷാപോഷണത്തിനുള്ള ചില സ്ഥാനങ്ങൾ മാത്രമാണ് ഇവ. ഭാഷയിൽ ഉണ്ടാകേണ്ടുന്ന ഗ്രന്ഥങ്ങളെക്കുറിച്ചും മററും ഇനി ഒരവസരത്തിൽ പ്രസ്താവിച്ചുകൊള്ളാം.

വിദ്വാൻ വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.

## തിരുനാൾമംഗളം.

തുടച്ച്

* ആയുർഭാഗം പുരാണാദികളിലരുളിട്ടം മട്ട മാററാവതെങ്കിൽ
ശ്രീയുറേറാരെന്മഹീശന്നരുളുകയിനിയുള്ളോരു മജ്ജീവിതാംശം
ഈയുള്ളോനെന്തു സാധിപ്പതു? നൃപതി ചിരം വാഴ്കതായാലധമ്മം
മായും ഭൂമണ്ഡലത്തിൽ; ഭവദവതരണം മേലിൽവേണ്ടാ മുരാരേ!

താനപ്ലൻതൻെറ നാട്ടാക്കിതരർ ജനകർ താനെന്ന പൂർവ്വാശയത്തെ-
ത്താനത്ഥ്യത്ഥം പ്രശസ്തസ്ഥിതിയിൽ മതിയിലുൾക്കൊണ്ടു വേണ്ടും വിധ-
മാനത്തെക്കാത്തു ഗോശ്രീ ഭരണവിധിനടത്തീട്ടമുത്രാടഭൂപൻ (ത്തിൽ
സാനന്ദം വാഴ്ക നീണാൾ ധരയിലവതരിച്ചുള്ള ലക്ഷ്മീശചരൻ താൻ.

വിദ്വാൻ വെള്ളാഴ്ലൂർ ഗോവിന്ദമേനോൻ.

ഇതാ തികഞ്ഞിന്നെഴപത്തിയെട്ടാ-
മതാം വയസ്സീ നൃപസത്തമന്ന്,
പ്രതാപിയായോരവിടുന്നനേക-
ശതാബ്ദമീ,പാരു ഭരിച്ചിടട്ടെ.

കെ ആർ രാമൻ നമ്പൂതിരി.

വാത്സല്യത്തോടുമാടരാജ്യജനതാക്ലിസ്സത്തെയക്ലിഷ്ടമായ്,
വത്സാഭിപ്രായൊ.ടക്കലേശനഡുവൃന്ദത്തെക്കണെക്കെസ്സുഖം
ഉത്സാഹത്തൊടു കാത്തിടും നൃപവരൻ ശ്രീപത്മനാഭന്നെഴും
സത്സാന്നിദ്ധ്യമൊടിത്രകാലമിനിയും മാഴ്കാതെ വാഴേണമേ!

സി. കെ കഞ്ഞുരാമുണ്ണിപ്പണിക്കർ, ചുണ്ടൽ.

ഉത്രാടം വരുകിൽജവേന തിരുവോണം വന്നുചേർന്നീട്ടമെ-
ന്നുൾത്താരിങ്കൽനിനച്ചു മോദമുളവായീടുന്ന നമ്മൾക്കലം
ഉത്രാടം തിരുമേനിയിന്നു തിരുവോണംപോലെ നാട്ടാക്കഹോ!
മുത്തേകീട്ടുഭരിച്ചിടുന്നു പലനാൾ വാഴട്ടെയീതമ്പുരാൻ

വെള്ളാനി ശങ്കരൻ നമ്പൂതിരി.

മന്നിൽ പ്രാഭവമേറിടുന്ന നൃവരൻ,കാരുണ്യധന്യാശയൻ,
മാനത്താലുയരും കരത്തിലുലയും ചെങ്കോൽ ധരിക്കും മഹാൻ,
ശ്രീമാൻ 'കേരളവമ്മ'രാജനമലൻ ഗോശ്രീമഹീവല്ലഭൻ
നീണ്ണാളിങ്ങനെ സൌഖ്യമാൻവിലസാൻ തൃക്കണ്ണയക്കു ഹരേ!

സി. കെ. മാധവനുണ്ണി.

* (താമസിച്ചു കിടിയത്)

മാടക്ഷ്മാണീശനത്രാടജനമലകലാവല്ലഭൻതമ്പുരാനെൻ
കാണപ്പെട്ടോരു ദൈവം കരളിലലിവുകൂടുന്ന കല്യാണരൂപി
നാണീയസ്സാം യശസ്സാന്തിസുഖമമരാൻ പൂർണ്ണവേദാലയേശൻ
നീണാൾ കൺകോണിളക്കിക്കനിയണമതിനത്യർത്ഥമർത്ഥിച്ചിടുന്നേൻ.

വി. ജി ഭാസ്കർ (കുടമാളൂർ)

വൻകാററാൽ സമരത്തിനാലുലകിടം വെന്തീടുമീനേരമാ-
തങ്കം തീർപ്പതിനായുദിച്ച മഹിതൻ ഗോത്രീനരേന്ദ്രോത്തമൻ
"തൻകാര്യം ജനതയ്ക്കു സൌഖ്യ"മിതിചിന്തിക്കുന്ന കല്പദ്രുമ-
മങ്കയ്ക്കുററോരു വീരകേരളനൃപൻ നീണാൾ ജയിച്ചീടണം.

കെ. എ ലോനൻകുട്ടി.

## ആവശ്യപ്പെട്ടതനുസരിച്ചുള്ള അഭിപ്രായപ്രകടനം.

II

രാഷ്ട്രിയം, രാഷ്ട്രീയം എന്നീ രണ്ടു ശബ്ദങ്ങളും ഭിന്നാർത്ഥങ്ങളിൽ സാധുക്കളാണെന്ന് ഒരു ഒഴുക്കൻമട്ടിൽ ശാസ്ത്രികൾ സമർത്ഥിച്ചിരിക്കുന്നതു് 1116 മീനത്തിലെ കൈരളിയിലാണ്. അപ്രകാരം പ്രവർത്തിക്കാനുള്ള കാരണമായി ശാസ്ത്രി പ്രകാശിപ്പിച്ചിരിക്കുന്നതു് "ഈ ശബ്ദങ്ങളുടെ (രാഷ്ട്രിയം, രാഷ്ട്രീയം) സാധുത്വത്തെപ്പററി വിവാദമുള്ളതായി കൈരളിയിലെ ഭാഷാവിഷയപംക്തിയിൽനിന്നു ഗ്രഹിപ്പാനിടയായി" എന്നുള്ളതാണ്. എന്നാൽ ഗ്രഹിച്ചതെന്താണെന്നു കാര്യമറിയുന്നവർ വല്ലവരും വിശേഷിച്ചെടുത്തു വാദിക്കുമ്പോഴാണ് കള്ളി വെളിച്ചത്താവുക. തത്ര ജാതഃ തത്ര ഭവഃ എന്നീ അർത്ഥങ്ങളിൽ 'ഛ'പ്രത്യയം വരാവുന്നതിനാൽ രാഷ്ട്രീയമെന്ന രൂപം സാധുവാണെന്നും അല്ല. ഘ പ്രത്യയത്തിനല്ലാതെ 'ഛ' പ്രത്യയത്തിനവകാശമില്ലായ്കയാൽ ആ അർത്ഥങ്ങളിൽ രാഷ്ട്രീയമെന്ന രൂപം അസാധുവാണെന്നും മാത്രമാണ് അതുവരെ നടന്നിട്ടുള്ള വിവാദം. തത്ര ഭവഃ തത്ര ജാതഃ എന്നീ അർത്ഥങ്ങളിൽ രാഷ്ട്രീയമെന്നതു സാധുവെന്നു പറഞ്ഞിട്ടുള്ളതു മല്ലിനാഥനും അപശബ്ദമാണെന്നു പറഞ്ഞിട്ടുള്ളതു പി. കെ: നാരായണപിള്ള, പി. കൃഷ്ണൻനായർ എന്നിവരുമാകുന്നു. 'തസ്മൈഹിതം' എന്ന അർത്ഥത്തിൽ രാഷ്ട്രശബ്ദത്തിൽനിന്നു 'ഛ' പ്രത്യയം വരികയില്ലെന്ന് ആരും അതുവരെ പറയുകയുണ്ടായിട്ടില്ല. എന്നാൽ, കൈരളിയുടെ കുംഭം ലക്കത്തിലെ 'കിഞ്ചിച്ഛേഷ'ത്തിൽ 'സ്നേഹിതാ! രാഷ്ട്റീയം ഏതെ

ല്ലാം അൎത്ഥത്തിലാണ് പ്രയോഗിക്കാവുന്നതു്. രാഷ്ട്രീയശബ്ദം രാഷ്ട്രായഹിതം എന്നുതുടങ്ങിയ അൎത്ഥങ്ങളിൽ പ്രയോഗിച്ചുകൂടെന്നു പാണിനി നിഷേധിച്ചിട്ടുണ്ടോ, എന്നു മല്ലിനാഥൻ പി. കൃഷ്ണൻനായരോടു ചോദിച്ചിട്ടുണ്ട്. വാദപഥത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടുള്ള അത്തരം ചോദ്യം അസമാധേയമാകയാൽ ശ്രീ, കൃഷ്ണൻനായർ ഉത്തരം പറഞ്ഞിട്ടില്ല. തത്ര ജാതഃ തത്ര ഭവഃ എന്നീ അൎത്ഥങ്ങളിലല്ലാതെ 'തസ്മൈഹിതം' എന്ന അൎത്ഥത്തിൽ 'ഛ' പ്രത്യയം വരുമോ എന്ന കാൎയ്യം വാദവിഷയമേ അല്ലല്ലോ. പ്രഷ്ടാവായ വാദി നിഗൃഹീതനായെന്നുള്ള മദ്ധ്യസ്ഥന്മാരുടെ വിധിയെമാത്രം അൎഹിക്കുന്ന ആ പ്രശ്നത്തിനു ശാസ്ത്രപരിചയമുള്ളവരാരും സമാധാനം പറയുകയുമില്ല. ഇതാണ് വസ്തുസ്ഥിതി. ഈ സന്ദൎഭത്തിൽ മദ്ധ്യസ്ഥനെന്ന ഭാവത്തിൽ ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രി അവർകൾ വലിഞ്ഞുകയറി വന്ന് 'തസ്യേദം' 'തത്ര ജാതഃ' 'തത്ര ഭവഃ' തുടങ്ങിയ അൎത്ഥങ്ങളിൽ രാഷ്ട്റിയശബ്ദവും 'തസ്മൈ ഹിതം' എന്ന അൎത്ഥത്തിൽ രാഷ്ട്റീയശബ്ദവും സാധുവാണെന്നും ശാസ്ത്രീയമായ വാദമൎയ്യാദയ്ക്കു വിരുദ്ധമായി വിധിച്ചതു് അഭിജ്ഞനെന്നു നടിച്ചു അഹങ്കരിച്ച് അവാങ്മുഖമവപതിച്ച ചങ്ങാതിയെ ഒന്നു താങ്ങിക്കൊടുക്കുവാനല്ലാതെ ശാസ്ത്രപരിചയമില്ലാഞ്ഞിട്ടാണെന്ന് എങ്ങിനെയാണു പറയുക? 'ശാസ്ത്രി'ശബ്ദംതന്നെ അതിലേക്കു പ്രതിബന്ധകമാണല്ലോ. ഏതായാലും "വൃദ്ധാവൃദ്ധവിഭാഗമെന്നിയെ 'ഛ'പ്രത്യയം വരുന്നതാകയാൽ ഹിതാൎത്ഥത്തിൽ രാഷ്ട്റീയംതന്നെ പ്രയോഗിക്കണം. ഈ പ്രകരണത്തിൽ 'പ്രാകാരീയാ ഇഷ്ടകാഃ' ഇത്യാദ്യുദാഹരണങ്ങൾ വൃദ്ധസ്ഥലത്തും ഛ പ്രത്യയത്തെ കാണിക്കുന്നു" എന്നീ പ്രകൃതാസംബദ്ധങ്ങളായ പംക്തികളെ ചൂണ്ടിക്കാണിച്ച് "സംസൎഗ്ഗജാ ദോഷഗുണാ ഭവന്തി" എന്ന മഹദ്വചനത്തെ സവിനയം ഓൎമ്മിപ്പിക്കേണ്ടതായ്വന്നതിൽ വ്യസനിക്കുന്നു. വൃദ്ധസ്ഥലത്തു 'ഛ' പ്രത്യയം വരികയില്ലെന്ന് ആർ എപ്പോൾ എവിടെയാണ് പറഞ്ഞിട്ടുള്ളതു്? ശാസ്ത്രികളുടെ സ്ഥിതി ഇത്തരത്തിലായതു മലയാളത്തിന്റെ മഹാകഠിനമായ ഭാഗ്യക്കേടുതന്നെ. ഈവക അസ്ഥാനവിധി മല്ലിനാഥനെ ഒഴിച്ചു മററാരേയും സന്തോഷിപ്പിക്കുമെന്നു തോന്നുന്നില്ല. "ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രി അവർകൾ അങ്ങിനെ ശബ്ദം നിഷ്പാദിപ്പിക്കാമെന്നു പറഞ്ഞുകേട്ടതിൽ വലിയ സമാധാനമായി" എന്നു മല്ലിനാഥൻ ഉദ്ഘോഷിച്ചിട്ടുള്ളതിൽ ഈയുള്ളവനു യാതൊരാക്ഷേപവുമില്ല. "അഹോ രൂപമഹോ സ്വരഃ" എന്ന മഹദ്വചനം വ്യൎത്ഥമാകുമോ?

ഇതിനെല്ലാം ശേഷമാണ് കല്ലിനാഥന്റെ 'പുറപ്പാട്'. കുംഭമാസത്തിൽ 'കൈരളീപൃഷ്ഠദ്വാരാ മല്ലിനാഥൻ പ്രകടിപ്പിച്ച കിഞ്ചിച്ഛ്ലേഷത്തെ ദൃഷ്ടിയിൽ വെച്ചുകൊണ്ടുള്ള ശാസ്ത്രികളുടെ സാധുവാദം മീനമാസത്തിലും, 'രാജഷി'പുറങ്ങളിൽക്കൂടെയുള്ള കല്ലിനാഥന്റെ പുറപ്പാട് ഇടവത്തിലുമാകുന്നു. കല്ലിനാഥൻ രൂക്ഷരൂക്ഷമായവിധം തിരനോട്ടവും ഒരു മുറുകിയാട്ടവും കഴിച്ചു തിരോഭവിക്കുന്നതല്ലാതെ ആ പുറപ്പാടിൽ 'ബൃഹച്ഛ്ലേഷം' എടുത്തു പ്രയോഗിക്കുന്നില്ല. അങ്ങിനെ ചെയ്യുന്നതു് അടുത്ത പ്രവേശത്തിൽ (മിഥുനം കക്കടകം രാജഷിയിൽ) ആണ്. പ്രയോഗമാകട്ടെ മല്ലിനാഥന്റെ കിഞ്ചിച്ഛ്ലേഷത്തെ ലക്ഷ്യമാക്കിക്കൊണ്ടു മാത്രവുമാണ്. ബ്രഹ്മശ്രീ അനന്തനാരായണശാസ്ത്രിയുടെ വാദത്തെ ഒന്നു കടാക്ഷിക്കപോലും ചെയ്തിട്ടില്ല. അതിനുള്ള കാരണം അങ്ങിനെയൊന്നുണ്ടെന്നറിയായ്കയോ ആ സാധുവാദം ശാസ്ത്രമര്യാദയെ ഉല്ലംഘിച്ച ഒരു ശാസ്ത്രിയുടേതാണെന്നതുകൊണ്ടുള്ള അവജ്ഞയോ ബ്രാഹ്മണന്റേതാണെന്നുള്ള ബഹുമാനമോ അഥവാ ഭയമോ എന്താണെന്നറിയുന്നില്ല.

കല്ലിനാഥനെന്ന കൃത്രിമനാമത്തിൽ പ്രവേശിച്ചിരിക്കുന്ന ആ പുരുഷൻ മഹാനോ അമഹാനോ ആരായിരുന്നാലും ശാസ്ത്രാന്തരങ്ങളിൽക്കൂടി വ്യുൽപത്തിയുള്ള ഒരു വൈയാകരണനാണെന്നു മൂപ്പരുടെ ലേഖനങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ട്. പ്രൌഢമാനിയായ കല്ലിനാഥൻ, തന്റെ കേവലം പ്രൌഢിവാദരൂപമായ ബൃഹച്ഛ്ലേഷം "ശാഠ്യം സദാ ദുർജ്ജനേ" എന്ന ന്യായം അനുസരിച്ചുകൊണ്ടുള്ള "ഏട്ടിക്കുപോട്ടി" മാത്രമാണെന്നും അതിനാൽ അതിൽ ശാസ്ത്രജ്ഞന്മാർ തലയിടേണ്ട കാര്യമില്ലെന്നും കല്ലിനാഥസംജ്ഞാസ്വീകാരംകൊണ്ടുതന്നെ സൂചിപ്പിച്ചിരിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. 'മുളക-കിളക' ഇത്യാദിപോലെ ഏതാണ്ട ശബ്ദംകൊണ്ടുമാത്രം 'മല്ലിനാഥ'ന്നു 'കല്ലിനാഥൻ' പ്രതിദ്വന്ദ്വിയാണല്ലോ. കൂടാതെ, "മല്ലിനാഥന്റെ എതിർവീട്ടുകാരനായതിൽ കല്ലിനാഥന്നു മറെറാരു മെച്ചവുംകൂടി കൈവന്നിരിക്കുന്നു. ഭാഷാലോകത്തിൽ എളുപ്പം പേരും പ്രസിദ്ധിയും പാട്ടിലാക്കാനുള്ള പുതിയ ലോകവ്യുൽപത്തിപ്രകാരങ്ങളുടെ സൂക്ഷ്മഗ്രഹണമാണതു്. പക്ഷേ, അവയിൽ അധികഭാഗവും സാമഗ്രികളുടെ അഭാവത്താൽ തൽക്കാലം കല്ലിനാഥന്നു പ്രയോഗിക്കുക സാദ്ധ്യമല്ലെങ്കിലും, 'എത്ര മരമണ്ടനോ മുണ്ടനോ ആയാലും പ്രസിദ്ധന്മാരോടോ യഥാർത്ഥപണ്ഡിതന്മാരോടോ ഏതെങ്കിലും തരത്തിലെതിർക്കുക എന്ന പ്രസിദ്ധിസമ്പാദനത്തി

ലുള്ള സുലഭതന്ത്രം ഇവൻം സുകരം തന്നെയാണ്. (രാജർഷി പുസ്തകം 7. ലക്കം 10. ഭാഗം 275.) 'കല്ലിനാഥൻ മുമ്പുപറഞ്ഞ പ്രകാരം മല്ലിനാഥനെ നിഗ്രഹസ്ഥാനത്തേക്കു നയിച്ചിരിക്കുന്ന ഈ ചോദ്യങ്ങൾക്കു സമാധാനം പറയേണ്ടതായ ആവശ്യകതയില്ലെങ്കിലും രാജർഷിവൈയാകരണൻ ചെയ്തപോലെ കല്ലിനാഥൻ അങ്ങിനെ ഒഴിയാൻ വിചാരിക്കുന്നില്ല. പ്രസിദ്ധനായ മല്ലിനാഥനോടെതിത്താലല്ലേ കല്ലിനാഥനു പ്രസിദ്ധി ലഭിക്കയുള്ളു?' (രാജർഷി പുസ്തകം 7. ലക്കം 11. ഭാഗം 287.) എന്നീ പംക്തികളിൽ കല്ലിനാഥൻ ആ സംഗതി വ്യക്തമായി പ്രകാശിപ്പിച്ചിട്ടുമുണ്ട്. വിശേഷിച്ച് "മല്ലിനാഥനോടെതിത്താലല്ലേ—" എന്ന അംശംകൊണ്ടു സൂചിപ്പിച്ചിരിക്കുന്ന ആശയവിശേഷവും— 'ജാതഭവാദ്യത്ഥവിഷയകവാദമായ പ്രകൃതത്തിൽ നിന്നു ഇളകുവാൻ അയക്കാത്തപക്ഷം, അതോടുകൂടിത്തന്നെ കായ്യമവസാനിക്കാവുന്നതിനാൽ പിന്നെ മല്ലിനാഥൻെറ വാല്ലഭ്യത്തോടു മല്ലിടുവാൻ സാധിക്കയില്ലെന്നുള്ള സ്വാഭിപ്രായവും—വിസ്മരിക്കാവുന്നതല്ല. ഈ വസ്തുത ബിരുദമില്ലാത്ത സാധുവൈയാകരണനും ധരിച്ചിട്ടുണ്ടെന്നുള്ളതു് അദ്ദേഹത്തിൻെറ "ഒരു സാധുശബ്ദത്തെ ഒരു മഹാപുരുഷൻെറ ആഭാടത്തിന്നായി അപഭ്രംശമാണെന്നു വിധിക്കുന്നതു് —" എന്ന പംക്തികൊണ്ടും തെളിയുന്നുണ്ട്. അതെല്ലാം ശരിതന്നെ. എങ്കിലും, മല്ലിനാഥൻ കൊണ്ടുവന്നതാണെന്നു വെച്ചുമാത്രം 'രാഷ്ട്റായഹിതം' എന്ന അത്ഥത്തിലും 'രാഷ്ട്റീയശബ്ദം' അസാധുവാണെന്നു സമത്ഥിക്കുന്നതു കുറെ കടന്ന കയ്യാണെന്നുതന്നെയാണ് എൻെറ അഭിപ്രായം. 'തത്ര ജാതഃ' 'തത്ര ഭവഃ' എന്നീ അത്ഥങ്ങളിൽ പാണിനി 'ഘ' പ്രത്യയമാണ് രാഷ്ട്രശബ്ദത്തിന്നു വിധിച്ചിരിക്കുന്നതെങ്കിലും 'ഛ' പ്രത്യയം നിഷേധിച്ചിട്ടില്ലെന്ന കായ്യം ഒരു പണ്ഡിതൻ ആലോചിച്ചിട്ടില്ലെന്നു പരിഹസിച്ചുകൊണ്ടു 'ഭാഷാവിഷയം' രചിക്കുന്ന പ്രൊഫസർ മല്ലിനാഥൻെറ ശബ്ദസാധുതാസാധുതാശാസനം ഏതുവിധത്തിലായാലും എന്തുതന്നെയായാലും ശാബ്ദികന്മാർ വിലവെക്കുകയില്ല. നേരേമറിച്ച്. കല്ലിനാഥൻ പ്രൗഢിവാദരൂപത്തിലാണെങ്കിലും ഒരു സാധുശബ്ദത്തെ അസാധുശബ്ദമാണെന്നു സമത്ഥിക്കുന്നതു സ്വല്പംചില വൈയാകരണന്മാക്കെങ്കിലും സംഭ്രമസംരംഭാദികൾക്കിടയാക്കിയെന്നു വരാം. "കൈരളി"യിലെ ബിരുദമില്ലാത്ത ഒരു സാധുവൈയാകരണൻെറ ആവലാതിതന്നെ അതിലേക്കു തെളിവാണല്ലോ. അതുകൊണ്ടു കല്ലിനാഥൻെറ വാദം കുറെ സാഹസമായല്ലോയെന്നു പറയേണ്ടതായിരിക്കുന്നു.

എന്നാൽ, സാധുവൈയാകരണന്റെ ആ ആവലാതിലേഖനം ഒരുതരം മുറവിളി മാത്രമല്ലാതെ കല്ലിനാഥന്റെ വാദത്തിന്നു സാക്ഷാൽ പ്രതിക്ഷേപമോ ഖണ്ഡനമോ ആയിട്ടുണ്ടോ എന്ന കാര്യവും സംശയത്തിലാണ്. ശാസ്ത്രഗ്രന്ഥങ്ങളിൽനിന്നു സിദ്ധാന്തപംക്തികളെ പകർത്തിക്കാണിച്ചിട്ടുള്ളതിൽ പ്രതിക്ഷേപയുക്തികൾ അന്തർഭവിച്ചിട്ടുണ്ടെന്നുള്ള കാര്യമൊന്നു വേറെ. ആ സിദ്ധാന്തങ്ങളെ നിഗമനംചെയ്യുന്ന പംക്തിയിൽ സിദ്ധാന്താംശങ്ങളായ പ്രതിക്ഷേപയുക്തികൾ പ്രതിഫലിച്ചുകാണുകയെന്നതു വസ്തുസ്വഭാവസിദ്ധമാകയാൽ അറിഞ്ഞുകൊണ്ടു നിബന്ധിച്ചതാണെന്നു തീർത്തുപറയുവാനും നിവൃത്തിയില്ല. കല്ലിനാഥന്റെ വാദസ്വരൂപം മനസ്സിലാക്കി അതിലെ യുക്തികളേയോ യുക്ത്യാഭാസങ്ങളേയോ സപ്രമാണം ഖണ്ഡിക്കുന്ന ഒരു വൈയാകരണൻ മഹാധികാരം, അവാന്തരാധികാരം അതിലുൾപ്പെട്ട അധികാരം എന്നിവയെപ്പററി പ്രതിപാദിക്കുവാൻ അവകാശമുണ്ടോ? കല്ലിനാഥന്റെ വാദം ശേഷാധികാരത്തെ അവലംബിച്ചാണെങ്കിലല്ലേ അത്തരം പ്രസ്താവത്തിന്നു പ്രസക്തിയുള്ളു? ശേഷാൎത്ഥത്തെ ആശ്രയിച്ചാണ്, ശേഷാധികാരത്തെ അവലംബിച്ചല്ല കല്ലിനാഥന്റെ വാദമെന്നുള്ളതു സ്പഷ്ടവുമാണ്. ആ വാദത്തിനുള്ള സമാധാനം:—'തസ്യേദം' എന്ന സൂത്രത്തിൽനിന്നു 'തസ്യ' എന്നതനുവൎത്തിക്കാമായിരിക്കെ "തസ്യ വികാരഃ" എന്ന സൂത്രത്തിൽ വീണ്ടും നിബന്ധിച്ചിരിക്കുന്ന തസ്യഗ്രഹണം ശേഷാധികാരസ്ഥമായ തസ്യഗ്രഹണത്തിന്റെ നിവൃത്തിക്കാണെന്നും ആകയാൽ തത്സംബന്ധങ്ങളായ 'ഘാ'ദിപ്രത്യയങ്ങളും തസ്യ വികാരഃ ഇത്യാദ്യൎത്ഥത്തിൽ വരുകയില്ലെന്നുമുള്ളതു ഭാഷ്യാദിസമ്മതമാകുന്നു. ഈ സ്ഥിതിക്ക് "തസ്മൈ ഹിതം" എന്ന അൎത്ഥത്തിൽ 'ഘ' പ്രത്യയത്തിന്നു പ്രാപ്തിയില്ലായ്കയാൽ 'ഛ' പ്രത്യയ 'ഘ' പ്രത്യയങ്ങൾക്കു ബാദ്ധ്യബാധകഭാവം സംഭവിക്കാത്തതുകൊണ്ടു 'ഛ' പ്രത്യയബാധാഭാവം ശേഷാധികാരപ്രയോജനമാണെന്നു പറവാൻ നിവൃത്തിയില്ല. അതുകൊണ്ടാണ് "ശൈഷികാൻ സരൂപശ്ശൈഷികോന" എന്നതിനുള്ള വിഷയലാഭം ഫലമായി വ്യാഖ്യാതാക്കന്മാർ പറഞ്ഞിരിക്കുന്നതു്. ഇത്രയുംകൊണ്ടു 'ഛ' പ്രത്യയം നിർബ്ബാധമാണെന്നു സിദ്ധിക്കുന്നതിനാൽ 'തസ്മൈഹിതം' എന്ന അൎത്ഥത്തിൽ രാഷ്ട്രീയശബ്ദം സാധുതന്നെയാകുന്നു എന്നിപ്രകാരമാണ്.

ഈ സ്ഥിതിക്ക്, പത്രാധിപസ്സാരെ അക്കങ്ങൾ കണിശമായി ചേൎക്കണേ—എന്ന നിൎദ്ദേശത്തോടുകൂടി "പ്രത്യയഃ (3 അ. 1 പ. 1 സൂ) എന്നൊരു മഹാധികാരം അതിനുള്ളിൽ—" എന്നിങ്ങിനെ ആരംഭിച്ചി

രിക്കുന്ന വൈയാകരണൻ മല്ലിനാഥനെപ്പോലെതന്നെ കല്ലിനാഥന്റെ വാദം ശേഷാധികാരത്തിന്റെ അതിർത്തിയെ സംബന്ധിച്ചുള്ള വിപരീതാഭിപ്രായത്തിന്മേലാണെന്നു തെററിദ്ധരിച്ചിരിക്കുന്നുവെന്നല്ലേ വിചാരിക്കേണ്ടതു്. ഏതായാലും കല്ലിനാഥന്റെ ശേഷാൎത്ഥത്വവിഷയവാദം സുഗ്രഹമായിരുന്നിട്ടും ഗ്രഹിക്കാതെ, സാധുവൈയാകരണൻ ചെയ്യുന്ന മഹാധികാരാദി പ്രപഞ്ചനം അജ്ഞാനം അൎത്ഥാന്തരം എന്നിവക നിഗ്രഹസ്ഥാനങ്ങളിൽ ഏതിലാണു പെടുകയെന്നതു ശാസ്ത്രജ്ഞനായ അദ്ദേഹംതന്നെ തീൎച്ചയാക്കുകയായിരിക്കും നല്ലതു്. (തുടരും)

ബിരുദമുള്ള ഒരു വൈയാകരണൻ.

---

ചരമം.

ദിവംഗതനായ

മ. മ. ശ്രീ. രാമവൎമ്മ അപ്പൻ തമ്പുരാൻ

തിരുമനസ്സുകൊണ്ടു്.

---

ഭാഷാസാഹിത്യസാമ്രാജ്യചക്രവൎത്തിയും ഒരു ഒന്നാന്തരം സംഗീതരസികനും പരോപകാരതല്പരനും നിരവധി പൊതുസേവനങ്ങളാൽ സമ്മാന്യനും ആയ മഹാമഹിമശ്രീ രാമവൎമ്മ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ മാസം 3-ാംനു- രാത്രി ഒരുമണിക്കുശേഷം അയ്യന്തോളുള്ള തന്റെ "കുമാരമന്ദിരം" കൊട്ടാരത്തിൽവച്ചു് ദിവംഗതനായ വിവരം ഞങ്ങൾ കണ്ണീരും കയ്യുമായി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ അത്യാഹിതം നാടുവാണരുളുന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ അറിയിക്കയും കല്പനപ്രകാരം രാജകീയാഡംബരങ്ങളോടുകൂടി സംസ്കാരാദികൎമ്മങ്ങൾ അയ്യന്തോൾ കോവിലകത്തുവച്ചുതന്നെ നിൎവ്വഹിക്കുകയും ചെയ്തു.

സുപ്രസിദ്ധ കവയിത്രിയും സംഗീതവിദുഷിയുമായ കൊച്ചിക്കാവു് അമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടാണു് അവിടുത്തെ പ്രിയമാതാവു്. 1051-ാമാണ്ടു് തുലാമാസം 24-ാംനു-യാണു് അവിടുന്നു് തിരുവവതാരം ചെയ്തതു്. സൎവ്വകലാവല്ലഭനായ സ്ഥാനത്യാഗംചെയ്ത രാജൎഷിതിരുമനസ്സിലെ രക്ഷാധികാരത്തിൽ അവിടുന്നു് നിലത്തെഴുത്തു തുടങ്ങിയ വിദ്യാഭ്യസനം ആരംഭിച്ചു 10-ാമത്തെ വയസ്സിൽ അവിടുന്നു് ശ്രീശേഷാചാൎയ്യപാഠശാലയിൽ ചേൎന്നു് സംസ്കൃതാധ്യയനം തുടങ്ങി. രഘുവംശം, മാഘം, നൈഷധം, തൎക്കം, വ്യാകരണം, അലങ്കാരം മുതലായ പലതും അവിടുന്നു് പഠിച്ചു് സംസ്കൃതസാഹിത്യത്തിൽ അദ്വിതീയമായ സ്ഥാനം സമ്പാദിച്ചു. പിന്നീടു് അവിടുന്നു് ഇംഗ്ലീഷു പഠിക്കുവാനാരംഭിക്കുകയും 1070-ൽ മെറ്റ്റിക്കുലേഷൻ പരീക്ഷയിൽ പാസ്സാകുകയുംചെയ്തു. പിന്നീടു് ഇന്റർമെഡിയററിനു് സംസ്കൃതവും ബി. എ. ക്കു് മലയാളവും ഐച്ഛികവിഷയമായി സ്വീകരിക്കയാൽ അവിടുത്തേക്കു് ഇംഗ്ലീഷു, മലയാളം, സംസ്കൃതം എന്നിവയിൽ അഗ്രഗണ്യസ്ഥാനം ലഭിക്കുവാനിടയായി.

തിരുമനസ്സിലെ ഗദ്യശൈലി ആൎക്കു കിട്ടുവാനും വിഷമമാണ്. ഭൂതരായർ, ഭാസ്കരമേനോൻ, മുന്നാട്ടുവീരൻ തുടങ്ങിയ നോവലുകളും, "ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും," മംഗളമാല അഞ്ചുഭാഗങ്ങൾ, കൊച്ചിരാജ്യചരിത്രം ഇത്യാദി അനേകം സദ്ഗ്രന്ഥങ്ങളും എഴുതി അവിടുന്ന് കൈരളീദേവിയെ സംതൃപ്തയാക്കിയിട്ടുണ്ട്.

സ്വമാതുലനായ രാജൎഷി തിരുമനസ്സിലോടുള്ള അളവററ ഭയഭക്തിബഹുമാനങ്ങൾമൂലം അവിടുത്തെ സ്മാരകമായ രാജൎഷികലാനിലയസ്ഥാപനങ്ങളെപ്പററിയും അവിടുത്തേക്ക് വളരെ സന്തോഷമുണ്ടായിരുന്നു. രാജൎഷിമാസികയുടേയും സംസ്കൃതവിദ്യാലയത്തിൻെറയും അഭിവൃദ്ധിക്കുള്ള പല ഉപദേശങ്ങളും ഞങ്ങൾക്കു ചെയ്തുതന്നിട്ടുണ്ട്. അവിടുന്ന് മാരകാകളി എന്ന തലക്കെട്ടിൽ മാരകാകളിവൃത്തത്തിൽ ഒരു കവിതയെഴുതി ഇക്കഴിഞ്ഞ 1116 കൎക്കിടകം ലക്കത്തിലേക്ക് തരികയുണ്ടായി എന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മൎത്തവ്യമാണ്.

കേരളകാളിദാസൻ, കേരളപാണിനി, കേരളവ്യാസൻ, എന്നീ മഹാന്മാർ ഉപേക്ഷിച്ച കൈരളിയുടെ കണ്ണീർ തുടച്ചാശ്വസിപ്പിച്ച ഭാഷാസാഹിത്യസാമ്രാജ്യചക്രവൎത്തിയും ഇതാ അവളെ ഉപേക്ഷിച്ചു. മഹാകവി ഉള്ളൂർ അവർകളുടെ സന്ദേശത്തിൽ "കൈരളി വിധവയായി" എന്നു പറഞ്ഞിട്ടുള്ളതു് വാസ്തവംതന്നെ. കൈരളീസമാരാധകന്മാർ കഷ്ടപ്പെടുന്നു; കൈരളി കണ്ണീർ തുടക്കുന്നു; നാമെന്തു ചെയ്യാൻ കഴിയും?

തിരുമനസ്സിലെ പുണ്യാത്മാവിന് സൎവ്വശക്തനായ ജഗദീശ്വരൻ നിത്യശാന്തി അരുളുമാറാകട്ടെ!!

---

## ചരമശ്ലോകങ്ങൾ.

അതിഭയദമദൃഷ്ടം ദുഷ്ടദൈവപ്രതാപം
പ്രതിദിനമുയരുന്നു കാലഘട്ടം ബലിഷ്ഠം
മൃതിയുടെ വിളയാട്ടം യോഗ്യരിൽതന്നെയെന്നാ-
ശ്രുതി ശരി ശരി; യപ്പൻതമ്പുരാൻ കൃഷ്ണ! കൃഷ്ണ!

2

സുപരിചിതരിലയ്യോ! മൃത്യുതന്നുഗ്രദൃഷ്ടി-
പ്രപതനമിഹ കേട്ടും കണ്ടുമീ ഞാൻ കുഴങ്ങി
അപകടനില യപ്പൻതമ്പുരാൻ പോയ രാവാ-
ണപരമെഴുതുവാനിപ്പേന പോരാതെയായി.

3

കുട്ടിക്കാലം മുതൽക്കേ സുകൃതിസുലഭമാം സാഹിതീരാജ്യഭാരം
കിട്ടിപ്പോയേതിടത്തും ഭരണനിപുണനെന്നുള്ള പേരന്നുകിട്ടി.
പൊട്ടിച്ചു കണ്ണുനീരിന്നിവനുമെവനുമാം കൈരളീബാണഭട്ടൻ
'കുട്ടിക്കൃഷ്ണ'ങ്കലപ്പിച്ചഖിലവുമരചൻ ഹന്ത! നിൎമ്മുക്തനായി.

4

നിത്യം ദുൎഗ്ഗുണദുഷ്ടകീടനിചയം ചിന്തുന്ന സംസാരമി-
ങ്ങത്യന്തം ഭയദം വലിച്ചെറിയണം ദൂരെക്കിതെന്നാമഹാൻ

ശ്രുത്യന്തസ്മൃതിയാലറിഞ്ഞു സുഖദുഃഖഭ്രാന്തികൈവിട്ടു ചിൽ-
"സത്യം കണ്ടു" സമാധിപൂണ്ടടനഹോ "വാനം" ണ്ടവപ്പൻ നൃപൻ.

5

അരുതരുതുവിലാപം, കുട്ടികൾക്കൾക്കളുക്കാൻ
ചെറുകഥകളുരയ്ക്കു, പോയവൻ പോയവൻതാൻ
ഗരുഡഗളമിണങ്ങും ഭക്തദാസസ്വരൂപം
കരുതുക ഹൃദി നാനിക്കുട്ടിയമ്മേ! നിദാനം.

6

വരതനു! സുഖദുഃഖം നിത്യമല്ലെന്നബോധം
വരണ,മതുവരയ്ക്കുംചെട്ട സംസാരബന്ധം
സ്ഥിരതര,മതഴിക്കും സച്ചിദാനന്ദമൂല-
സ്മരണയറിക; കുട്ടി കൃഷ്ണനേകും സുഖം തേ.

7

പിരിഞ്ഞ ഭൂപൻെറ വപുസ്സിൽ നിന്നുവേർ-
തിരിഞ്ഞൊരാത്മാവിനു നിത്യശാന്തിയും
പരിഗ്രഹം മക്കളിവർക്ക സൌഖ്യവും
തെരിയ്ക്കനെച്ചേർത്തരുളും മുരാന്തകൻ

8

എഴപത്തഞ്ചു കഴിഞ്ഞോൻ
കഴവൃദ്ധൻ ചടഞ്ഞിരുന്നേവം
എഴുതീ ചരമം; ഭൂപതി-
യെഴനല്ലമ്പോൾ വിളിച്ചതില്ലെന്നെ

നടുവം മഹൻ.

പൊട്ടീ കൈരളി ചാർത്തിയോരുതിരുമംഗല്യം; ജഗത്താകവേ
ഞെട്ടീ; വിശ്രുതഭാരതീയ കലകൾക്കാലംബമില്ലാതയായ്.
വെട്ടീ പാകതനധർമ്മവൃക്ഷമനഘം; സാഹിത്യ ഭണ്ഡാരവും
തട്ടീ ദുർവ്വിധി; ഹന്ത! ശേഷമെഴുതാം കണ്ണീർതുടച്ചിട്ടിനി.

2

ഗദ്യത്തിൽബ്ബാണഭട്ടൻ കവികളുടെ മനോധർമ്മമർമ്മങ്ങൾനോക്കി-
ട്ടാദ്യന്തം ചച്ചചെയ്യുന്നതിലതിവിരുതൻ ദണ്ഡിയപ്പൻ നൃപാലൻ
വിദ്യയ്ക്കുള്ളം കുളർക്കുംപടിയരുളിട്ടവനീശ്വരൻ തീർത്ഥഹർമ്മ്യം
ഹൃദ്യം ഹം! ബോമ്പെറിഞ്ഞാ ഹതവിധിതകരാറാക്കി വക്ത്തുകെട്ടോൻ.

3

"സ്ഥായിക്കാണ്ടി"ലൊരിയ്ക്കലെന്നെയരികിൽ പാർപ്പിച്ചഹോ "വന്നകം"
കായിയ്ക്കുന്നൊരു ദുർഗ്ഗുണങ്ങളകലും സാരോപദേശങ്ങളും
വായിയ്ക്കേണ്ട വിശിഷ്ടബുക്കുകളുമിങ്ങേകുന്നൊരാത്തമ്പുരാൻ.
പോയില്ലേ ദുരദൃഷ്ടകീടമിവിടെജ്ജീവിപ്പതെന്തിന്നു ഞാൻ

4

പഴിയ്ക്കുവിൻ ദുർവ്വിധിയെ;സ്സദാപി
തൊഴിയ്ക്കുവിൻ കൈരളിഹൈവണിമാരേ!

മിഴിയ്ക്കൂ ഗൈർവ്വാണി!യിരുന്ന നിയ്ക്കും
കഴിഞ്ഞുപോയ് നിങ്ങടെ നല്ലകാലം.

നടുവത്തു ശങ്കരൻ നമ്പൂരി.

ത്വരയൊടെരിയുമഗ്നിജ്വാല തട്ടിത്തിളയ്ക്കും
ഗരളമെഴപൊഴിഞ്ഞീടുന്നവോ കാതിലിപ്പോൾ?
ഹര ഹര നിറമേന്തും സാഹിതീരമ്യനൃത്ത-
പ്പുരയിലുടനിടിത്തീ വീണുവോ ഹാ കടപ്പം? 1

നിയതിയുടെ കടുംകൂത്തക്രമംതന്നെ ഭാഷോ-
ദയവിഹതി പിണഞ്ഞു പണ്ഡിതന്മാർ വലഞ്ഞു
പ്രിയതചരിതനപ്പൻ തമ്പുരാൻ ഹന്ത ധന്യാ-
ശ്രയവിബുധസദസ്സിൽച്ചേരുവാൻ യാതനായോ? 2

കവിനികരവുമായി "സ്സഖ്യകൃത്യം" സമാജ്ജി-
ച്ചവികലശുഭതത്വാലാപസന്തുഷ്ടിയോടും
വിവിധകൃതികളന്നന്നത്രതീർത്തുള്ള ഭാഷാ-
ഭവികനിരതനീമട്ടാകുമെന്നാരറിഞ്ഞു? 3

ഫലിതലളിതവാക്യം "പ്രേമജന്യം വദിക്കും"
കലിരഹിതനുദാരൻ ധീരലോകാവതംസൻ
വലിയ വില വിശിഷ്ടസ്ഥാപനങ്ങൾക്കണച്ചോ-
രലിവുടയ മഹാനാണിമ്മഹൽകർമ്മശീലൻ. 4

ശ്രുതിതടവിയ ഭാഷാനാടകത്തിൽപ്രസന്ന-
ദ്യുതിയിലരുളിയോരാപ്പണ്ഡിതപ്രൌഢദീപം
മൃതിമറയിൽ മറഞ്ഞു സാധുസാഹിത്യരംഗ-
സ്ഥിതികൊടിയൊരിരുട്ടിൽപ്പെട്ടു വട്ടത്തിലായീ. 5

കനിവിനൊടുപദേശം തന്നു നിന്നെപ്പുലർത്താ-
നിനിയെവനറിവേറും തമ്പുരാനോടു തുല്യൻ
അരിശമെരിയുമൊന്നാണിപ്പൊളാപ്പെട്ടതാമൾ-
ല്പനി തവ കവിതേ! നിൻമേനി മങ്ങേണ്ടിവന്നു. 6

ധരണിയിലുടലേറ്റോരൊറ്റ ജീവിക്കുപോലും
മരണഭയമൊഴിപ്പാനാവതല്ലെന്നിരിക്കെ
കരയുവതഫലംതാനെങ്കിലും തീവ്രമാമീ-
വിരഹമസഹനീയം നീക്കിയാലെങ്ങുനീങ്ങും. 7

ഗദകബളിതമാകും മെയ്യുപേക്ഷിച്ചു സാക്ഷാൽ-
പ്പദമരുളിയൊരാര്യൻ സദ്യശോഗാത്രനായി
സദയമരിയഭാഷോൽകർഷപൂർത്തിക്കുമപ്പാ-
രുദധിയിലെഴുവോളം വിസ്ഫുരിക്കട്ടെ നിത്യം 8

ചങ്ങരംകോത കൃഷ്ണൻ കർത്താവ്.

എന്തയ്യോ ഞാനത്ഭുതം കേൾപ്പതിപ്പോ-
ളെന്തും ചെയ്യാം കാലനെന്നായി വന്നോ
മുന്തും പുണ്യംപൂണ്ടവന്നന്തകൻതൻ
വന്തല്ലേൽക്കുന്നുണ്ടു കാലത്തിലും ഹാ! 1

“പുണ്യംചെയ്താൽ കൂടമായുസ്സി”തോതും
ഗുണ്യന്മാരാം വിജ്ഞർതൻ വാക്കിദാനീം
ഗണ്യംതാനൊന്നേററ കൈവല്യമിന്നീ-
പ്പുണ്യശ്ലോകൻ ഹന്ത വിണ്ണാർന്നമൂലം 2
ആരോ പാരിൽ ‘സാഹിതീ ചക്രവർത്തി’-
പ്പേരോടെങ്ങും വിശ്രുതൻ, വിശ്വമാന്യൻ,
സാരോദഞ്ചദ്വാഗ്വിലാസാഞ്ചിതൻ, സു-
സ്മേരോദാരാസ്യാംബുജൻ, സൌമ്യശീലൻ, 3
നേരോടാക്കം നിത്യവൃത്തിക്കുപററാ-
നോരോ ധർമ്മസ്ഥാപനം നാട്ടിലെങ്ങും
പേരോടൊപ്പം പുണ്യവും നേടി നാട്ടീ-
ട്ടാരോഹിച്ചാനഹ്ണസ്ഥാനമുച്ചം. 4
അദ്ധന്യശ്രീ‘യപ്പ’നാം തമ്പുരാനി-
ന്നിദ്ധക്ലേശം ഭൂതലംവിട്ടസാരം
ബദ്ധപ്പെട്ടാർജ്ജിച്ച ഷൾഷഷ്ടിവർഷൻ
സിദ്ധപ്രാപ്യം സത്തമം ശുദ്ധസൌഖ്യം 5
കണ്ണീരല്പം വഴിയരുതിതോർത്തിന്നു മാലോകരേ! നാം
നണ്ണീടേണം നൂവരനുലകിൽചെയ്ത സൽകൃത്യജാലം
എണ്ണീടാമോ പരമൊരുവനി,ത്തമ്പുരാൻതാപമെല്ലാം
വെണ്ണീറാക്കിപ്പരസുഖമശിക്കുന്നതോപ്പിൻ നമിപ്പിൻ. 6

എന്നു് സാഹിത്യനിപുണൻ
എം. കുഞ്ഞൻവാരിയർ

(പാന)

* എന്തു കഷ്ടം ശിവ ശിവ ലോകത്തിൽ
എന്തു സാഹസം ചെയ്യുന്നീതീശ്വരൻ
ഹന്ത! കൈരളിതൻതറവാടിതാ
വെന്തുപോകുവാൻ ഭാവിച്ചിടുന്നിതേ! ) 1
ചാരുരൂപണി കൈരളീദേവിയെ
പാരമോമനിച്ചോമനിച്ചങ്ങിനെ
സാരമോടെ വളത്തിയ പുണ്യവാൻ ,
ധീരനപ്പൻതിരുമേനിയെങ്ങയ്യോ!! 2
ധീരധീരനാം രാജർഷിപുംഗവൻ
സാരമായ് പരിലാളിച്ച തമ്പുരാൻ
കാരണവനെ നിത്യം നമിക്കുവോൻ
ധീരനപ്പൻതിരുമേനി പോയിതേ! 4
മാനനീയൻ മഹിതഗുണാലയൻ
ദാനലോലുപൻ ഗാനവിചക്ഷണൻ
ദീനരിൽ കൃപാപൂർണ്ണൻ മഹാശയൻ
ധീരനപ്പൻ തിരുമേനി പോയിതേ! 4
സാഹിതീലത വാടിക്കരിഞ്ഞുപോയ്
സാഹസം വിധിചെയ്തതുകാരണം
സാഹിതീഭക്തരെല്ലാമനാഥരായ്
സാഹ്യമെന്നതുമില്ലാതെയായിതേ! 5

* തൃശ്ശിവപേരൂർ ടൌൺഹാളിൽവച്ചു കൂടിയ യോഗത്തിൽ വായിച്ചതു്.

ശക്രതുല്യനായ് വാണോരാ സാഹിത്യ-
ചക്രവർത്തിയാമപ്പൻ തിരുമേനി
മക്കളെപ്പോലെ ഞങ്ങളെ പാലിച്ചു
ദിഗ്ജയത്തിനു പോയിതോ ദൈവമേ! 6

കൈരളീ! കരയായ്ക നീ തമ്പുരാൻ
കൈരവപ്രിയചൂഡഭക്തൻ മഹാൻ
സ്വൈരമായ് ദിവം പൂകി പുരന്ദരാ-
ചാര്യനൊത്തു ലസിക്കുവാൻ പോയിതു! 7

നശ്വരമീഭുവനമശേഷവും
വിശ്വപാലകമായാവിശേഷങ്ങൾ
വിശ്വസിക്കാം ജനിച്ചാൽ മരിക്കുമെ-
ന്നീശ്വരവിധിയാർക്കും തടുത്തിടാ. 8

ജാതമായാൽ മരിക്കുമീലോകത്തി-
ലേതുമെത്രഗുണികളാണെങ്കിലും
വീതശങ്കം ജനിക്കുന്നു പിന്നയു-
മീയവസ്ഥതാൻ ലോകത്തിനുള്ളതും 9

സത്യസന്ധനാമപ്പൻ തിരുമേനി-
യ്ക്കാത്തുനമ്മളനാരതം ദൈവത്തിൽ
നിത്യശാന്തിയരുളുവാൻ പ്രാർത്ഥിക്ക-
മാത്ര;മീശ്വരൻ മംഗളം നൽകണേ!! 10

എന്താണിക്കേട്ടതയ്യോ ശിവ ശിവ കഠിനം കൈരളിപ്പെൺകിടാവിൻ
പൊൻതാലിക്കെട്ടുപൊട്ടിപ്പുരുഗുണനിധിസാഹിത്യചന്ദ്രൻ മറഞ്ഞു
സന്താപാംഭോധിതള്ളിക്കയറി, കഠിനമായ് ഭാഷയെ മുക്കി ഭാഗ്യം
വെന്തല്ലോ ദിവ്യനപ്പൻ നൃപനുടെ ചരമക്കാററിനാൽ നഷ്ടമായി.

കുടമാളൂർ കെ. കെ. ഗോപാലപിള്ള.

കേരളഭാഷേ, നിന്റെ ചക്ഷുസ്സു പൊയ്പോയിതാ
വാരൊളി പൂശീടും നിൻസ്മേരവുമെങ്ങോ? പോയി.
കേരളനഭോവീഥി കൊണ്ടലാൽ മൂടീടുന്നു
ഘോരമാം തമസ്സാണ്ഡമെങ്ങുമേ പരക്കുന്നു.

പുത്രനിർവിശേഷം, ഹാ ഞങ്ങളെപ്പാലിച്ചോരാ
വൃത്രഹനിഭ"നപ്പൻതമ്പുരാൻ" തീപ്പെട്ടെന്നോ?
ഹാ, വിധേ,യെന്താണേവം ക്രൂരമാം കൃത്യത്തിനു
താവകകരം തുനിഞ്ഞീടുവാൻ മൂലം, കഷ്ടം!

കൈരളിയങ്ങക്കെന്തേ ചെയ്തുപോയിതേവിധം
ഘോരമായ് ശിക്ഷിച്ചീടാൻ തെററൊന്നു കാണ്മീലൊന്നും.
സംസ്കാരസമ്പന്മൂർത്തി ഞങ്ങളെയല്പാല്പമായ്
സംസ്കൃതരാക്കീടുന്നതോർത്തു നീയസൂയയാലു;

അല്ലാതെയെന്തോതേണ്ടു, ഞങ്ങളെ നിരാശയാ-
മല്ലിലും വഴികാട്ടിത്തന്നൊരാ ദിവാകരൻ.
ഏതൊരു തിരശ്ശീലക്കുള്ളിൽ പോയൊളിച്ചാലും
ആ ദിവ്യതേജഃപുഞ്ജമെന്നുമേ കാണും ഞങ്ങൾ
കൈരളീകണ്ഠത്തിന്നു, "മംഗളമാല്യം" കൊണ്ടു
ചാരുതചേർത്തോരസ്മ"ദപ്പനെ"യിന്നും കണ്ടു.

കാവ്യഭൂഷണം, എം. എൽ. നാരായണമേനോൻ.

## * വിവാഹമംഗളശ്ലോകങ്ങൾ.

'തെക്കേടാ'ബ്ധിശശാങ്ക'ശങ്കര'കരാഗ്രത്താലെ'യേലങ്കുള-'
ത്തെക്കേടറെറാരു കന്യദേവകിയിതാ, ദേവീപദപ്രാപ്തയായ്!
തക്കോരിത്തറവാട്ടിൽ വന്ന വധുവോ, തൽക്കോമളക്കയ്യുമ-
ത്തക്കോരിത്തരി വാച്ചിടുന്ന വരനോ മെച്ചം മികച്ചാളിതിൽ?

2

വാഴ്ത്താറുണ്ടു വിവാഹവേളയിൽ വധൂസൌഭാഗ്യവും, യോഗ്യതാ-
വാദ്യോരോന്നു വരന്റെയും;- വരനിതിന്നെൻതോഴരെന്തോ കഥ,
വാഗ്ദേവീസ്വയമേവവന്നടിമയായ് വാഴ്പോൻ, വധൂഭൃതിമാ-
വാട്ടേ നീട്ടി വെളിയ്ക്കിടുന്നതു സഹിയ്ക്കില്ലെൻ സഖക്കിന്നിമേൽ.

3

ആശിസ്സേകുവതിന്നിവൾക്കു സകലോൽക്കർഷേണ വർത്തിയ്ക്കയാ-
ലാശിയ്ക്കേണ്ടതുമില്ല-;തല്ല വിദുഷീവിദ്വൽക്കവിക്കാമ്പിവർ
കാശിയ്ക്കോട്ടിടുമെൻകവിത്വമതിനാൽത്തൻമൈത്രിതന്മൂർത്തിയാ-
വേശിച്ചാപ്പുവിളിച്ചുകമ്പടിനടക്കേണ്ടോർ നടക്കണ്ടു ഞാൻ.

4

ദക്ഷിണാലയസമുത്ഥശങ്കരോ
ദക്ഷിണാനമിത മരം വധൂകരം
ദക്ഷിണേ, നിജകരേ മുദാകരോ-
ദക്ഷിണേ ക്ഷണമപിസ്മരംകരം.

5

ദേവകീം പരിണയന്നിമാം, ക്ഷമാ-
ദേവ, കിം പരമിതസ്ത്വമിച്ഛസി
ദേവഭാവമജരം ഭവാൻ ക്ഷണാ-
ദേവ യാതു ദയിതതവ ദേവിതാം!

---

* രാജർഷികലാനിലയത്തിന്റെ അഭിവൃദ്ധിയ്ക്കു നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഞങ്ങളുടെ ഉത്തമമിത്രവും ഒരു യുവസാഹിത്യകാരനുമായ ബ്രഹ്മശ്രീ തെക്കേടത്തു ശങ്കരൻ ഭട്ടതിരിപ്പാടും സൌഭാഗ്യവതി ഏലംകുളത്തു് ദേവകി അന്തർജ്ജനവും തമ്മിൽ ഇക്കഴിഞ്ഞ തുലാമാസത്തിലുണ്ടായ വിവാഹവേളയിൽ വായിച്ചു സമർപ്പിച്ച മംഗളാശംസകൾ.

6

ജന്മനൈവ വസുദേവ ഏഷ, തം
ദേവകീയമവ്യണോ,ത്തദേതയോഃ
വാസുദേവമയമാശു ദേവകീ
നന്ദനന്ത്വവതരത്വപത്യകം

കത്തുള്ളി കൃഷ്ണൻ നമ്പൂതിരി.

ഗുണാന്തികഞ്ഞുള്ളൊരു വൈദികന്മാർ .
നിറഞ്ഞിരിപ്പോരു സദസ്സിൽവെച്ചു
ശരിക്കവേട്ടുള്ളൊരു 'ദേവി'യൊത്തു
ചിരം ഭവാൻ വാഴ്ക സൌഖ്യമായി.

കരുത്തവാറ മാധവൻ നമ്പൂതിരി.

ഇന്നേ ജന്മം തുലാസേ! തവ സഫലമതായുള്ള തുല്യത്വമിമ്മ-
ട്ടന്യോന്യം "ദേവകീശങ്കര"രിവരിലെഴും മട്ട നീ കണ്ടതുണ്ടോ?
എന്നെന്നേക്കും നിലയ്ക്കുട്ടിനിയിരുപുറമങ്ങഉച്ചനീചത്വമില്ലാ-
തൊന്നായീ ബാന്ധവച്ചാൽവഴി കുടകുഴിയിങ്ങാഴിയായ് മാറിടട്ടെ.

എസ്സ്. ശിവരാമയ്യർ ബി. എ.

തക്കത്തിൽ സുരവാണി, ഹൈൗണി, മലയാളം, ഹിന്ദിയെന്നിത്തരം
മൈക്കണ്ണീമണിമാരെ മഞ്ജുളമനോരംഗത്തിൽനിത്തും മഹാൻ
തെരക്കെടുത്തുമനയ്ക്കലങ്കരണമാം "ശ്രീശങ്കർ,ദേവീ"കരം
കൈക്കൊള്ളുന്ന മുഹൂർത്തവേളയിതുതാനെന്നും ജയിക്കേണമേ!!

2

ഭ്രുവിണ്ണോർകളിലഗ്രഗണ്യരിവരീദാമ്പത്യഗേഹത്തിലെ
"ദേവീശങ്കരർ"ചിന്മയൻെറകഴലിൽ കൂപ്പുന്ന കുഞ്ഞുങ്ങൾതാൻ
താവുംമോദമിയന്നിളംകളിരെഴും "സന്താന"സച്ഛായയിൽ
ഭ്രുവാകെപ്പൂകൾപൂണ്ടുകൊണ്ടിവരനേകാബ്ദം ലസിച്ചീടണം.

3

നേരേ പകുത്തു തന്ന പാതി കൊടുത്തൊരർദ്ധ-
നാരീശ്വരൻ നയനമോഹനചന്ദ്രചൂഡൻ.
ഈ രമ്യദമ്പതികളിൽ കരുണാകടാക്ഷ-
പൂരം പൊഴിച്ചു സുഖപൂർത്തിവരുത്തിടട്ടെ.

കടമാളൂർ കെ. കെ. ഗോപാലപിള്ള.

കല്യാണവാൻ, കരുണയാലുലകൊക്കെ മുക്കം
കല്യാശയൻ, മഹിത"ശങ്കര"നാമധേയൻ,
കല്യാണമാലയണിയുന്നൊരു വേളതന്നിൽ
ക്കല്യാണമാന്നു വിലസട്ടെ! ദിഗന്തമെട്ടും!

2

താരുണ്യലക്ഷ്മി വിളയാടിന കാലമാദി-
യ്യാരമ്യമാം പരിണയത്തിനണഞ്ഞിടുമ്പോൾ,
താരമ്പവമ്പുടലെടുത്തൊരു "ദേവകി"ക്കായ്
ക്കാറൊത്തവണ്ണനരുളട്ടെ! കടാക്ഷലക്ഷം!

3

തങ്കത്തൊടൊത്ത മണിപോലെ; മനോജ്ഞകല്പ-
വല്ലിക്കുചേന്നൊരു രസാലവരന്റെ മട്ടിൽ,
പങ്കംവെടിഞ്ഞ നറുമുത്തിലണഞ്ഞ മാരി-
ത്തുള്ളിയ്ക്കുതുല്യമിയലട്ടെ! വധൂവരന്മാർ!

4

"തെക്കേട"മാം പുകളെഴും ഗൃഹജൻ ശിവാഖ്യ,-
നക്കേളിപൂണ്ട സതി, ദേവകിയൊത്തിദാനീം,
ഇക്കേരളക്ഷിതിയിൽവെച്ചു ഗൃഹാശ്രമത്തെ-
ക്കൈക്കൊണ്ടു മോദസഹിതം വിലസട്ടെ! നീണാൾ!

അക്കിത്തത്തു് അച്യുതൻ നമ്പൂതിരി,
കുമരനെല്ലൂർ.

ശാരദാംബ, കരുണാം കുരു ദാസേ
ശാരദേന്ദുകിരണാമൃതഹാസേ!
പാലയാശു മയി മാ മയി മാത-
ന്നീലവേണി, ശുകവാണി, നമസ്തേ!

2

മിഥിലാപുരസാമ്യസമ്പദാ
പൃഥിവീയം പ്രതിഭാതി സർവ്വദാ
സ്ഥലമേലതടാകനാമകം
വിലസത്യത്ര ഇണൈസ്സുഖാത്മകം

3

അധിവസതി വിഭ്രത്യസംസ്തുതാചാരഭക്ത്യാ
ഗൃഹമിഹ നിജകീർത്ത്യാ ബോധിതാശേഷനീത്യാ
ഋഷിജനകസമാനഃ കർമ്മയോഗപ്രധാന-
സ്സുരംഹിതകൃതകൃത്യോ രാമശർമ്മാ സഭൃത്യഃ

4

സുകൃതം ഫലമസ്യ ദൃശ്യതേ
സ്വകൃതം ഭാഗ്യമിദം വിശിഷ്യതേ
തനയാം വിനയാത്മനേ സ്വയം
പ്രദദൌ പൂതമതഃ കുലദ്വയം.

5

ശ്രീജാനകീമനുകരോതു പതിവ്രതേന
കന്യാ വരോപി നിജഭക്തിഗുണൈഃ ക്രിയായാം
രാമം സ്വധർമ്മപരിപാലനയാ സമന്താ-
ദ്ദാമ്പത്യമേതദനയോഃ സ്വകുലം പുനാതു.

6

ശ്രീദേവതാസ്തുതിരചിന്ത്യഫലപ്രദാസ്തു
സൌഹാർദ്ദമസ്തു സകലാഗമശാന്തിരസ്തു
സൌഭാഗ്യമസ്തു സതതം സുഖസമ്പദസ്തു
ദീർഘായുരസ്തു കുലനന്ദനരത്നമസ്തു.

കേശവശാസ്ത്രി.

ഐശ്വര്യത്തിക,വാഭിജാത്യമിവകൊണ്ടിപ്പാരിടത്തിൽ തുലോം
കേൾവിപ്പെട്ടുവിളങ്ങിടുന്ന മനയാ'മേലംകുളം' സൽക്കുലം.
ആക്കുല്ലോരുഗുണങ്ങൾകൊണ്ടുപരിശോഭിച്ചീടുമാ 'ദേവകി'-
ക്കുട്ടിക്കിന്നു വിവാഹമംഗളദിനം സൌഭാഗ്യഭാഗ്യോദയം

2

സൌശീല്യം, സൌകുമാര്യം, വിനയ,മൃജുതതൊട്ടുള്ള നാനാഗുണൌഘം
മേന്മേൽ തിങ്ങിത്തിളങ്ങും വധു, ജലനിധിയിൽ താരനാഥൻകണക്കെ;
'തെക്കേടെ'ത്തെന്നധാത്രീസുരവരനിലയത്തിങ്കലുണ്ടായി മാനം-
ചേരും ശ്രീ 'ശങ്കരാ'ഖ്യദ്വിജകുലപതിയൊത്തുല്ലസിക്കട്ടെ നീണാൾ.

3

ശശാങ്കനും, രാത്രിയുമെന്നമട്ടി-
ലൊത്തീടുമീ ദമ്പതിമാരനഘർ,
പരസ്പരപ്രേമനിബദ്ധരായി-
ട്ടാചന്ദ്രതാരം വിജയിച്ചിടട്ടെ!

4

ഇന്നോരോരോ സുമഹിതഗുണംകൊണ്ടു യോജിച്ചുകൂടും
'ജായാകാന്തർ'ക്കനഘനവദാമ്പത്യസൌഖ്യങ്ങളെല്ലാം;
കൈവന്നീടാനമിതകരുണാപൂരപൂർണ്ണാന്തരംഗൻ
* "ശാർങ്ഗീദിവ്യൻ വിജയ"കലിതം നല്കിടട്ടേ കടാക്ഷം.

കെ. വി. കുഞ്ഞിണ്ണി വാരസ്യാർ.
സി. മാധവി അമ്മ.

ദിക്കെത്തും വെള്ളപൂശുന്നൊരുപുകളിയലും പുണ്യകൃജ്ജന്മഭൂവാം
തെക്കേടത്തെന്ന വിപ്രോത്തമവരമനയിൽ ശങ്കരാഖ്യപ്രസിദ്ധൻ
നൽക്കോൾവിക്കേകരംഗംസുകൃതിസഹൃദയശ്ലാഘ്യനേലങ്കുളാഢ്യർ-
ക്കൊക്കേയും മേന്മകൂട്ടുന്നൊരുഗുണനിധിയാം ദേവകിക്കന്യയാളെ-

2

വേട്ടിപ്പോളിത്തുലാത്തിൽ പുരുശുഭമിരുപത്തൊന്നതാം തിയ്യതിക്കീ-
നാട്ടിൽതന്നാലയത്തിൽ തെളിവൊടുകുടിവെക്കുന്നു ദിക്കംഭികണ്ണും
പൊട്ടിപ്പോമെന്നുതോന്നുംവിധമവിടവിടെക്കൂടിയാർക്കുന്നു ലോകം
കേട്ടില്ലേ ഘോഷമെന്തോതുവനതുലശുഭോല്ലാസമിന്നോക്കിലെല്ലാം.

3

വസുദേവോയം വസുമാൻ
ദേവീയം ഭാതി ദേവകീ നിയതം
അനയോരനഘഗുണൌഘ-
സ്തനയോ ഭൂയാച്ചസുകൃതിനാം സുഖദഃ.

സാഹിത്യനിപുണൻ, എം. കുഞ്ഞൻ വാരിയർ.

ദിക്കാകെപ്പൂതുകീർത്തിചേർത്തരുളിടുന്നോരീമഹീദേവനാം
തെക്കേടത്തമരുന്ന ശങ്കരനുമീയേലംകുളം ദേവിയും
ഉൾക്കാമ്പൊത്തുനടത്തിടുന്നൊരുവിവാഹംകൊണ്ടുസന്താനവും
ചേർക്കുംമാറുവിളങ്ങിടട്ടെ യിവരിങ്ങാചന്ദ്രതാരം സുഖം.

ടി. സുബ്രഹ്മണ്യൻ നമ്പൂതിരി.

---

* കലിദിനം.

പാറപ്പുറം കുളിരെഴും മൃദുമെത്തയാക്കും,
പാരം കടുത്ത വെയിൽ നല്ല നിലാവുമാക്കും,
പാരൊക്കെയും പരമമാം സുരലോകമാക്കും,
പാരറ്റ മേന്മയെഴുമാ പ്രണയം ജയിപ്പൂ!

ആ മഞ്ജുളം പ്രണയസൌധമണഞ്ഞിടുന്നോ-
രോമൽവധൂവരരിലുറ്റ സുഖം വളർത്താൻ
ശ്രീമങ്ങിടാതെ, വരശങ്കരദേവിമാരും-
പ്രേമംപുരണ്ട പുതുപുഞ്ചിരി തൂകിടട്ടെ!

സാന്ദ്രാനന്ദകരഃ പരം സുമനസാം സൌജന്യജന്യൈർഗ്ഗുണൈ-
രന്യോന്യം സദൃശൈഃ സതാമതിതരാം പ്രീതിം സമുദ്ഭാവയൻ
ഉച്ചൈഃ സൽകവികോകിലാൻ മുഖരയൻ നാനാവിധാനോജ്വലോ
ദേവീശങ്കരയോഃ ശുഭോ വിജയതേ വൈവാഹികോഽയം വിധിഃ

ദേവീ ദേവവധൂഭിരപ്യവിരതം ദിവ്യൈർഗ്ഗുണൈരാദൃതാ
ദേവാരാധനതത്പരശ്ച ജഗതാം ക്ഷേമംകരഃ ശങ്കരഃ;
ഭൂയിഷ്ഠപ്രണയപ്രസന്നമനസാവേതൌ സമാഃ ശാശ്വതീർ-
ജീയാസ്താം സദപത്യലാഭമുദിതൌ സൌഭാഗ്യഭാഗ്യാന്വിതൌ.

വിദ്വാൻ, തേറമ്പിൽ ശങ്കുണ്ണിമേനോൻ.